Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/5869/2023-R1(RMC) തീയതി: 19-12-2024

**സർക്കുലർ**

വിഷയം: കെ.ഡബ്ല്യു.എ. - ആർ.എം.സി. - 2025 വർഷത്തെ ബി.പി.എൽ. ആനുകൂല്യം പുതുക്കുന്നത് / പുതുതായി അപേക്ഷിക്കുന്നത് സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 11/02/2009 -ാെല KWA/HO/RMC/02/2009 നമ്പർ ഉത്തരവ്.

കേരള വാട്ടർ അതോറിറ്റി പ്രതിമാസം 15 KL-ന് താഴെ ഉപഭോഗമുള്ള ബി.പി.എൽ ഉപഭോക്താക്കൾക്ക് നിലവിൽ സൗജന്യമായാണ് ജലം നൽകി വരുന്നത്. സൂചന ഉത്തരവ് പ്രകാരം ഈ ആനുകൂല്യം ലഭിക്കുന്നതിനായി ഉപഭോക്താക്കൾ എല്ലാ വർഷവും ജനുവരി 31-ന് മുമ്പ് ആനുകൂല്യത്തിനായുള്ള അപേക്ഷ പുതുക്കി നൽകേണ്ടതുണ്ട്.

2025 വർഷത്തെ ബി.പി.എൽ ആനുകൂല്യം ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ ഓൺലൈൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ ബി.പി.എൽ ആനുകൂല്യം ലഭിച്ച് കൊണ്ടിരിക്കുന്ന ഉപഭോക്താക്കളും പുതുതായി ബി.പി.എൽ ആനുകൂല്യം വേണ്ട ഉപഭോക്താക്കളും http://bplapp.kwa.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേന 2025 വർഷത്തേക്കുള്ള ബി.പി.എൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബി.പി.എൽ ആനുകൂല്യത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉപഭോക്താക്കളുടെ ഇ-അബാക്കസിലെ വിവരങ്ങൾ സിവിൽ സപ്ലൈസ് വെബ് സൈറ്റിലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് അർഹരായവർക്ക് ആനുകൂല്യം നൽകുന്നതാണ്.

ബി.പി.എൽ ആനുകൂല്യത്തിനായി അപേക്ഷിച്ച ഉപഭോക്താക്കളിൽ പ്രവർത്തനരഹിതമായ മീറ്റർ ഉള്ളവർ, വാട്ടർ ചാർജ് കുടിശ്ശികയുള്ളവർ, APL സ്റ്റാറ്റസിലേയ്ക്ക് മാറിയിട്ടുള്ളവർ എന്നിവർക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ ടി വിവരം SMS സന്ദേശം വഴി അറിയിക്കുന്നതാണ്. ജനുവരി 31-ന് മുമ്പ് കേടായ മീറ്റർ മാറ്റി വയ്ക്കുകയും കുടിശ്ശിക അടക്കുകയും ചെയ്യുന്നപക്ഷം ഉപഭോക്താക്കൾക്ക് ബി.പി.എൽ ആനുകൂല്യം നൽകുന്നതാണ്.

ബി.പി.എൽ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉപഭോക്താവിൻറെ പേരും റേഷൻ

കാർഡിലെ ഉടസ്ഥന്റെയും അംഗങ്ങളുടെയും പേരും തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ ടി ഉപഭോക്താക്കളുടെ പട്ടിക "മിസ്സ്മാച്ച് വെരിഫിക്കേഷൻ" എന്ന മെനുവിൽ തൊട്ടടുത്ത ദിവസം സെക്ഷൻ ജീവനക്കാർക്ക ലഭ്യമാകുന്നതാണ്. പ്രസ്തുത പട്ടികയിൽ ഇഅബാക്കസിൽ നൽകിയിട്ടുള്ള ഉപഭോക്താവിൻറെ പേരും റേഷൻ കാർഡിലെ ഉടസ്ഥന്റെയും അംഗങ്ങളുടെയും പേരും ലഭ്യമാകുന്നതാണ്, സെക്ഷൻ ജീവനക്കാർ ആയത് പരിശോധിച്ച് അർഹമാണെങ്കിൽ അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

[ഷിജിത്ത് വി, എഫ്.സി.എ]

ഫൈനാൻസ് മാനേജർ &

ചീഫ് അക്കോൺസ് ഓഫീസർ

പകർപ്പ്:
1. ചീഫ് എഞ്ചിനീർമാർക്കും സൂപ്രണ്ടിങ് എഞ്ചിനീർമാർക്കും
   എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീർമാർക്കും
2. എല്ലാ റവന്യ ഓഫീസർമാർക്കും